exam WiNNER®

A | 602

സമഗ്ര[illegible]ളം

# അർധവാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം

ക്ലാസ് : 6 | കേരളപാഠാവലി | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആറു പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിൽ ഒന്നാമത്തെ പ്രവർത്തനത്തിന് എല്ലാവരും ഉത്തരം എഴുതേണ്ടതാണ്. രണ്ടു മുതൽ ആറു വരെയുള്ള പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി..

**പ്രവർത്തനം - 1 വായിക്കാം, എഴുതാം**

**കല്ലുവും പൊന്നുവും**

ഒരു കുട്ടി പോകുന്നു പൊന്നിന്റെ മാലയി-
ട്ടൊരു കുട്ടിയിട്ടതോ, കല്ലുമാല
അവരെന്നും സ്കൂളിലേക്കൊന്നിച്ചുപോകുമാ-
കുളിരാർന്ന കുന്നിൻ ചെരിവിലൂടെ.

ഒരു ദിനം ആ വഴി കള്ളനെത്തി
പൊന്നിട്ട കുട്ടിയെ കൊണ്ടുപോയി
അവളുടെ നിലവിളി കേൾക്കയായീ
മലയുടെ താഴ്വാരമെങ്ങുമെങ്ങും.

അതുകേൾക്കെയതിവേഗമോടിയെത്തി
അവളുടെ പൊന്നോമൽ കൂട്ടുകാരി
കല്ലുറപ്പുള്ള മനസ്സുമായ്ച്ചെന്നവൾ
കള്ളനെ നേരിട്ടു ധീരധീരം.

കല്ലിന്റെ മാലയണിഞ്ഞവളങ്ങനെ
പൊന്നിട്ട കുട്ടിയെ വീണ്ടെടുത്തു.
അതുകണ്ടു മാമരക്കൂട്ടവും കിളികളും
പുഴകളും പൂക്കളും പുളകമാർന്നു.

ദിവാകരൻ വിഷ്ണുമംഗലം

താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.

1) ആരുടെ നിലവിളിയാണ് താഴ്വരയിൽ കേട്ടത്?
(പൊന്നിൻമാല ഇട്ട കുട്ടിയുടെ, കള്ളന്റെ, കല്ലുമാല ഇട്ട കുട്ടിയുടെ)
2) കുട്ടികൾ സ്കൂളിൽ പോയിരുന്നത് ഏതു വഴിയിലൂടെയാണ്?
(മാമരങ്ങൾക്കിടയിലൂടെ, താഴ്വാരത്തിലൂടെ, കുന്നിൻ ചെരിവിലൂടെ)
3) പുഴകളും പൂക്കളും പുളകമാർന്നതെന്തുകൊണ്ട്?
(കുട്ടിയുടെ ധീരതകണ്ട്, കുട്ടിയുടെ നിലവിളി കേട്ട്, കുട്ടി ഓടിയതുകൊണ്ട്)
4) കല്ലുറപ്പുള്ളത് എന്തിനാണ്?
(മനസ്സിന്, പൊന്നിൻ മാലയ്ക്ക്, കല്ലുമാലയ്ക്ക്)
5) കല്ലുമാല ഇട്ട കുട്ടി കള്ളനെ നേരിടാൻ കാരണമെന്താവാം?
(പൊന്നിൻമാല മോഹിച്ച്, ധീരത കാണിക്കാൻ, കൂട്ടുകാരിയോടുള്ള സ്നേഹം കൊണ്ട്)

**പ്രവർത്തനം - 2 (എ) കഥാപാത്രനിരൂപണം**

സാവധാനത്തിലുള്ള ചലനങ്ങളും മൃദുലമായ സംസാരവും കൈമുതലായ കുഴലൂത്തുകാരൻ ഹാമെലിൻ പട്ടണത്തിലെത്തിയ കഥ നിങ്ങൾ വായിച്ചല്ലോ..

കുഴലൂത്തുകാരന്റെ രൂപം, സ്വഭാവസവിശേഷതകൾ, പെരുമാറ്റം, എന്നിവ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക

**(ബി)** എലി എന്ന വാക്കിന് സമാനമായ പദം ഏതാണ്?

(മൂഷികൻ, മൂകൻ, ലീനൻ)

**പ്രവർത്തനം - 3 (എ) താരതമ്യക്കുറിപ്പ്**

മാലാഖ - 3 : ഒന്നും പറയണ്ടാ, ഞങ്ങൾ നിന്നെ ശിക്ഷിക്കും

വൃദ്ധ : ഉപകാരം ചെയ്തതിന് ശിക്ഷയോ?

മാലാഖമാർ, സഹായിക്കാനെത്തിയ വൃദ്ധയോട് ശത്രുവിനെപ്പോലെ പെരുമാറുന്നു. പാഠഭാഗത്തിലെ ഈ സന്ദർഭവും താഴെ കൊടുത്തിരിക്കുന്ന വരികളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

"മനമിങ്ങു ഗുണം വരുമ്പോഴും
വിനയെന്നോർത്ത് വൃഥാ ഭയപ്പെടും
കനിവാർന്നു പിടിച്ചിണക്കുവാൻ
തുനിയുമ്പോൾ പിടയുന്ന പക്ഷിപോൽ"

കുമാരനാശാൻ

വൃഥാ = വെറുതെ
വിന = നാശം
കനിവ് = ദയ

**(ബി)** താഴെപ്പറയുന്നവയിൽ ജി.ശങ്കരപ്പിള്ളയുടെ കൃതിയേത്?

(വേനലിൽ ഒരു പുഴ, വിടരേണ്ട പൂമൊട്ടുകൾ, പ്ലാവിലത്തൊപ്പികൾ)

**പ്രവർത്തനം - 4 വിശകലനക്കുറിപ്പ്**

"ഒരാൾ പരിശ്രമങ്ങളിൽ ഏർപ്പെടുന്നില്ലെന്നു വയ്ക്കുക. എങ്കിൽ അയാൾ തന്റെ മാളത്തിൽ തന്നെ കഴിഞ്ഞു കൂടുകയായിരിക്കും"

സതീഷ് ധവാൻ കലാമിനോട് പറഞ്ഞ ഈ വാക്കുകൾ നിങ്ങൾ ഓർക്കുന്നുണ്ടല്ലോ

"പരിശ്രമം ചെയ്യുകിലെന്തിനെയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയത്രേ
മനുഷ്യരെ പാരിലയച്ചതീശൻ"

കെ.സി. കേശവപിള്ള

മുകളിൽ വിവരിച്ച രണ്ടു സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.



exam WINNER

**പ്രവർത്തനം- 5 ഉപന്യാസം**

**ഒരു ജാതി**
**ഒരു മതം**
**ഒരു ദൈവം മനുഷ്യന്**

**വിദ്യ കൊണ്ട്**
**പ്രബുദ്ധരാകുക**

**അനാവശ്യ ധനച്ചെലവ്**
**ഒരു മംഗളകർമ്മത്തിനും**
**പാടില്ല**

**കൃഷി ചെയ്യണം,**
**കൃഷിയാണ് ജീവരാശിയുടെ**
**നട്ടെല്ല്**

'കെട്ടുകല്യാണം' എന്ന പാഠഭാഗം വായിച്ചുവല്ലോ? അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ നാരായണഗുരു നടത്തിയ പോരാട്ടം കേരളത്തെ ഏറെ മുന്നോട്ടു നയിച്ചിട്ടുണ്ട്.

മുകളിൽ നൽകിയിരിക്കുന്ന സൂചനകളും നിങ്ങൾക്കറിയാവുന്ന കാര്യങ്ങളും ചേർത്ത് "ശ്രീനാരായണഗുരുവും കേരളവും" എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക

**പ്രവർത്തനം - 6 ആസ്വാദനക്കുറിപ്പ്**

**കൂട്ടുകുടുംബം**

വയലോരത്തെപ്പഴയകുളം, ഇതു
വലിയൊരു കൂട്ടുകുടുംബം
ഉണ്ടിവിടെപ്പലപ്രാണികൾ, പാമ്പുകൾ,
പായൽക്കാടുകൾ, മത്സ്യങ്ങൾ!
നിന്നിളകുന്നൂ ജലസസ്യങ്ങൾ
വരിക! നമുക്കിപ്പഴയൊരു കൂട്ടു-
കുടുംബം കണ്ടു മടങ്ങി വരാം.
നോക്കുക! പച്ചനിറത്തിൽ ജലത്തിൽ
നിറയെക്കാണുവതെന്തെന്നോ
.. .... ... .... .... .....
പായൽക്കാടുകളുണ്ടു കുളത്തി-
ന്നടിയിൽ നിറച്ചും, കണ്ടോളൂ-
പായൽക്കാടിൻ നിഴലിലുമുണ്ടേ
പല ജാതികളാം ജന്തുക്കൾ

പി. മധുസൂദനൻ

കവിതയുടെ ആശയം, സൗന്ദര്യതലം, സവിശേഷ പ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.



exam WiNNER®